# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി 15) 927/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 27/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി 15) 927/2022 തീയ്യതി: 27/06/2022

## തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 14-06-2022 | 17-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-06-2022 | 17-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പി എ ശിവൻ (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)
ശ്രീ സിജു പി ഡാംസൺ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി നിജു സി എസ്, ഓഡിറ്റർ
ശ്രീമതി ബിന്ദു കെ എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി പ്രസന്ന അനിൽകുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ .ഷാജിക് എം എച്ച് | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി പ്രേമലത | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ സഞ്ജു സി ആർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സിമി സെബാസ്റ്റ്യൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി രാജാമണി | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ഡോ. അജിത്/ഡോ തോമസ് കണ്ണമ്പുഴ | മെഡിക്കൽ ഓഫീസർ പിഎച്ച് സി | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.സുബിദ കെ ജി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.ജ്യോത്സന എം പി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി ജയന്തി സി ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ദീപ എസ് | വി ഇ ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി സിനി ടി എം | വി ഇ ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ഇഷ മുരളി | ഡി എഫ് ഒ | 01-04-2019 | 31-03-2020 |
| ഡോ ലിസ്സി വർഗ്ഗീസ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-10 |
| 11 | വസ്തു നികുതി-റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-11 |
| 12 | വസ്തു നികുതി-നോൺ റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-12 |
| 13 | വസ്തു നികുതി- റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-13 |
| 14 | വസ്തു നികുതി- നോൺ റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-14 |
| 15 | ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-15 |
| 16 | വസ്തുനികുതി-മുൻകൂർ- വാർഷികകണക്കും രജിസ്റ്ററിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-16 |
| 17 | യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-17 |
| 18 | വരവിനങ്ങൾ-രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-18 |
| 19 | വരവ് ഇനങ്ങൾ - മുൻകൂർ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-19 |
| 20 | Prior Period Items- അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-20 |
| 21 | ജേണൽ ബുക്ക്- രേഖപ്പെടുത്തലുകൾക്ക് വൗച്ചർ സൂക്ഷിക്കുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022) | 1-21 |

| | | |
|---|---|---|
| | Last Updated By: P.A.Sivan (Audit Officer, On 27-06-2022) | |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-22 |
| 23 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-23 |
| 24 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുളള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-24 |
| 25 | അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-25 |
| 26 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുകയും ഗ്രാന്റിനത്തിൽ ബാധ്യതയായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-26 |
| 27 | " Directly Debited By Bank"-4400 രൂപ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Bindhu (Auditor, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-27 |
| 28 | "Directly Credited By Bank" എന്ന ഇനത്തിൽ 12000 രൂപ - കണക്കിൽ ഉൾപ്പെടുത്തിയില്ല<br>Written By: Bindhu (Auditor, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-28 |
| 29 | പാസ്സ്ബുക്കുകൾ/അക്കൌണ്ട് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല<br>Written By: Bindhu (Auditor, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-29 |
| 30 | ആകെ കിട്ടാനുള്ള തുകയേക്കാൾ കൂടുതൽ കിട്ടാൻ സാധ്യതയില്ലാത്ത തുകയായി ചേർത്തു<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-30 |
| 31 | വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-31 |
| 32 | വസ്തു നികുതി (നോൺ റെസിഡെൻഷ്യൽ )തൻ വർഷം, കുടിശ്ശിക- യഥാർത്ഥ കളക്ഷനേക്കാൾ കൂടുതൽ 51910 രൂപ സഞ്ചയ സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ ഡിസിബി പത്രികയിൽ ചേർത്തു.തുടർപരിശോധന വേണം<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-32 |
| 33 | ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കാത്തതു സംബന്ധിച്ച് - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് നികുതി അടവാക്കി<br>Written By: Niju.C.S (Auditor, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-33 |
| 34 | തൊഴിൽ നികുതി കുറവായി ഈടാക്കി - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് അടവാക്കി<br>Written By: Bindhu (Auditor, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-34 |
| 35 | അനധികൃത കെട്ടിട നിർമ്മാണം : 13/129A തുടർനടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Niju.C.S (Auditor, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-35 |
| 36 | വിമുക്ത ഭടന്മാരുടെ വസ്തുനികുതിയിളവ് - വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്<br>Written By: Niju.C.S (Auditor, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-36 |
| 37 | വേക്കൻസി റമിഷൻ അപാകത<br>Written By: Niju.C.S (Auditor, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-37 |
| 38 | സ്ഥാപനങ്ങൾക്ക് വ്യവസായ ഗണത്തിൽ വസ്തു നികുതി നിർണ്ണയിക്കാതെ വാണിജ്യാടിസ്ഥാനത്തിൽ നിർണ്ണയിച്ചു നികുതി ഈടാക്കുന്നു<br>Written By: Niju.C.S (Auditor, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-38 |
| 39 | വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതി-അപാകതകൾ<br>Written By: Niju.C.S (Auditor, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-39 |
| 40 | രേഖകൾ അപൂർണം/ഹാജരാക്കിയില്ല-479622 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-40 |
| 41 | ലൈഫ് വായ്പ പദ്ധതി- ജനറൽ വിഭാഗത്തിന്റെ വായ്പയിലേക്ക് എസ് സി പി വിഹിതത്തിൽ നിന്നും റിക്കവറി-തുടർനടപടി സ്വീകരിക്കണം<br>Written By: Siju P. Damson (Asst. Audit Officer, On 17-06-2022) | 1-41 |

| | | |
|---|---|---|
| | Last Updated By: P.A.Sivan (Audit Officer, On 27-06-2022) | |
| 42 | കളിത്തട്ട് - കായീക പ്രോത്സാഹനം ലക്ഷ്യമിട്ടുന്ന പ്രോജക്റ്റുകൾ നടപ്പാക്കിയത് ഹെഡ്മിസ്ട്രസ്സ്.<br>Written By: Siju P. Damson (Asst. Audit Officer, On 15-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-42 |
| 43 | കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങൽ -15594 രൂപയുടെ അനുബന്ധ സാമഗ്രഹികൾ (യു പിഎസ്) ലഭ്യമാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 15-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-43 |
| 44 | സാംസ്കാരികോത്സവം- ബാലകലോത്സവം- വികസനഫണ്ടിൽ നിന്നും അനുവദനീയമല്ലാത്ത ചെലവുകൾ-പ്രോജക്റ്റ് നടപ്പാക്കിയത് ഹെഡ്മിസ്ട്രസ്സ്.- ചെലവ് തുക 192046 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 15-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-44 |
| 45 | കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ക്ഷേമപ്രവർത്തനങ്ങൾ(നിർഭയ) - പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ-<br>Written By: Niju.C.S (Auditor, On 17-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-45 |
| 46 | സ്ഥാപനത്തിന്റെ കൈപ്പറ്റ് രശീതി, സ്റ്റോക്ക് രജിസ്റ്റർ വിതരണ രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല 338880 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: P.A.Sivan (Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-46 |
| 47 | പ്രൊജക്റ്റിൽ വിഭാവനം ചെയ്തതിനനുസൃതമല്ലാത്ത ചെലവ് 2,00,000 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: P.A.Sivan (Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-47 |
| 48 | ഭവനപുനരുദ്ധാരണം പട്ടികജാതി -പണി പൂർത്തീകരിച്ചിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-48 |
| 49 | മരാമത്ത് പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും<br>Written By: P.A.Sivan (Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-49 |
| 50 | കരാറുകൾ ആധികാരികമായി ചമച്ചിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-50 |
| 51 | പ്രൈസ് സോഫ്റ്റ്‌വെയറിലെ അപാകത<br>Written By: P.A.Sivan (Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-51 |
| 52 | കാലി ബാരൽ വില ഈടാക്കിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-52 |
| 53 | ഓഡിറ്റ് ഇംപാക്റ്റ്- വൈകി പൂർത്തീകരിച്ച പ്രവൃത്തിയിൽ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് പിഴ ഈടാക്കി<br>Written By: P.A.Sivan (Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-53 |
| 54 | തൊഴിലുറപ്പുപദ്ധതി-പൊതുവിരങ്ങൾ<br>Written By: P.A.Sivan (Audit Officer, On 18-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 1-54 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 4-4 |
| 5 | ഓഡിറ്റ് റിക്കവറി<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022) | 4-5 |

| | | |
|---|---|---|
| | Last Updated By: P.A.Sivan (Audit Officer, On 27-06-2022) | |
| 6 | സ്ഥിരനിക്ഷേപം<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ട്<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Siju P. Damson (Asst. Audit Officer, On 14-06-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 17-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 ലെ ബജറ്റ് 23.02.19 തിയ്യതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ് 19,82,95,253 രൂപയും ചെലവ് 19,02,25,865 രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.20 | 30.05.20 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32692490 |
| വരവ് | 90002866 |
| ആകെ | 122695356 |
| ചെലവ് | 87603694 |
| നീക്കിയിരിപ്പ് | 35091662 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 23071000 | 23071000 | 17672924 | 5398076 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 13000900 | 13000900 | 9697409 | 3303491 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 128000 | 128000 | 128000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4419000 | 4419000 | 1170000 | 3249000 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5217900 | 5217900 | 3832835 | 1385065 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 13512331 | 13512331 | 6259671 | 7252660 |

### 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|
| 209 | 117860091 | 117 | 56595747 | 92 | 55.98 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6999 | 1415888 | 1422887 | 1127288 | 295599 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 13758050 | 13758050 | 13758050 | 0 |

(ഖണ്ഡിക 1-24 കൂടി കാണുക)

### 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | ഇല്ല |
| കർഷകതൊഴിലാളി പെൻഷൻ | 1903200 | 449 |
| വിധവാപെൻഷൻ | 5791200 | 1738 |
| വാർദ്ധക്യകാലപെൻഷൻ | 8966400 | 3271 |
| വികലാംഗപെൻഷൻ | 1783600 | 525 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 246600 | 61 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.06.2022, 2.45ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 10452/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണത്തിലെ കുറവുകൾ മൂലം കണക്കുകളുടെയും രേഖകളുടെയും സൂക്ഷിപ്പിലുണ്ടായിട്ടുള്ള അപാകതകൾ വിശദമായി ഖണ്ഡിക 1-9 മുതൽ 1-32 വരെ ചേർത്തിട്ടുണ്ട്.

## 1-10 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)) (ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 ,മറുപടി ലഭ്യമാക്കിയില്ല)

## 1-11 വസ്തു നികുതി-റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2756781 | 2689162 | 95630 | 1678 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2756781 | 2689162 | 21250 | *1678 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(1764 /105X100) = 1680 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക, മുൻകൂർ ക്രമീകരിച്ചത് എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

## 1-12 വസ്തു നികുതി-നോൺ റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ - റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2636948 | 2540456 | 76385 | 29616 |
| വാർഷികകണക്കിലെ | 2636948 | 2491039 | 60180 | *29616 |

| | | | | |
|---|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)+ (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) 49596+10584= | *(31099/105X100)=29618 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക,മുൻകൂർ ക്രമീകരിച്ചത് എന്നിവ പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3. സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 49,417 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീത് അടിക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

## 1-13 വസ്തു നികുതി- റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 139765 | 135747 | 6262 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *122230 | 135747 | **6262 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (105473+22868=128341/105*100)=122230 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **( 6589/ /105X100)=6275ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

1. ഡിമാന്റ് തുക എന്നിവ പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

## 1-14 വസ്തു നികുതി- നോൺ റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ - റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 234867 | 97393 | ഇല്ല | 139560 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *232628 | 94900 | 2493* | *140131 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(106777+137482/105*100) = 232628 | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | **(147138/105X100)=140131, (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. ഡിമാന്റ് തുക, കളക്ഷൻ തുക , മുൻകൂർ ക്രമീകരിച്ചത്, ബാക്കി തുക എന്നിവ പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3. സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 2,493 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീത് അടിക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

4. കുടിശ്ശിക തുകയിലേക്ക് എന്തിനാണ് 2,493 രൂപ മുൻകൂർ ക്രമീകരിച്ചതെന്ന് വ്യക്തമല്ല.

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

## 1-15 ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 141963 | 7883 | 149846 | 136386 | 6938 | 143324 | 5961 | | 86 | 327 | 413 |
| | നോൺ-റെസിഡൻഷ്യൽ | 133585 | 13669 | 147254 | 127548 | 4905 | 132453 | 4186 | | 1483 | 7578 | 9061 |
| | ആകെ | | | 297100 | | | 275777 | 10147 | | 9474 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 294834 | | | 275777 | | | | 275777 | 19057 | | |
| | | 18163+276671 =294834(2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. ഡിമാന്റ് തുക, കളക്ഷൻ തുക , മുൻകൂർ ക്രമീകരിച്ചത് , ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

## 1-16 വസ്തുനികുതി-മുൻകൂർ- വാർഷികകണക്കും രജിസ്റ്ററിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 31173 | 611429 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 10006 | 306118 |

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 ,മറുപടി ലഭ്യമാക്കിയില്ല)

## 1-17 യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) . പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ 2019-20 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണയായി 26/7/2019 ലും 31/3/20ലും മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ ഉടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ

വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

## 1-18 വരവിനങ്ങൾ-രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല/രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4 വാടക ഡിമാന്റ് രജിസ്റ്റർ (ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല)

5. മറ്റ് ഫീസുകൾ

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 ,മറുപടി ലഭ്യമാക്കിയില്ല)

## 1-19 വരവ് ഇനങ്ങൾ - മുൻകൂർ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020ലെ മുൻകൂർ തുക |
|---|---|---|---|
| 1 | വെള്ളക്കരം | 350800109-Water Charge For Drinking Water Scheme Payable | 5043 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 201902 |
| 3 | മറ്റ് ബാധ്യതകൾ | 350800299- Other Liablities | 311000 |

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

## 1-20 Prior Period Items- അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് , ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 30268 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 55873 |
| 280200201-Prior Period Income-Licence Fee | (100) |
| 280600401-Prior Period-Recovery Of Unutilized Grants To Government | 300000 |

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

## 1-21 ജേണൽ ബുക്ക്- രേഖപ്പെടുത്തലുകൾക്ക് വൗച്ചർ സൂക്ഷിക്കുന്നില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കടിശ്ശിക ഡിമാന്റ്, കടിശ്ശിക പിരിവ്, കടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

### 1-22 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

### 1-23 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 23,99,172 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 43,50,741 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

### 1-24 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 1,46,13,338 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| റവന്യൂ ചെലവ് (ഭരണ ചെലവ് ഉൾപ്പെടെ) | 14885338 |
| ആസ്തി നിർമാണ ചെലവ് | ഇല്ല |
| ആകെ | 14885338 |

ആകെ റവന്യൂ ചെലവ് തുകയായ 1,48,85,338 രൂപയാണ് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും ആയി വരേണ്ടിയിരുന്നത്. തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 ,മറുപടി ലഭ്യമാക്കിയില്ല)

### 1-25 അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് ഫണ്ടിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി നല്കുന്ന മുൻകൂറുകൾ നിരീക്ഷിക്കുന്നതിന് അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് എഴുതി സൂക്ഷിക്കേണ്ടതാണ്

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

### 1-26 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുകയും ഗ്രാന്റിനത്തിൽ ബാധ്യതയായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. മാത്രമല്ല ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള പ്രത്യേകോദ്ദശ്യ തുകകൾക്ക് തത്തുല്യമായ ബാധ്യത തുക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ചേർക്കാത്തതും ചുവടെ ചേർക്കുന്നു

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320100115 | CSS-TSC | 1075313 | | | |
| 2 | 320100121 | CSS-ICDS | 453154 | | | |
| 3 | 320100199 | CSS-Grants And Contribution-Central Government | 15089 | | | |
| 4 | 320200322 | Grant From Suchitwa Mission | 137118 | | | |
| 5 | 320300199 | Grants And Contribution-Other Government Agencies | 536531 | | | |
| | | | | 450410104 | Nationalised Bank -Bulk Water Charge | 5043 |
| | | | | 450610104 | Nationalised Bank-NMBS | 3089 |
| | | | | 450610105 | Nationalised Bank-BMC | 448406 |

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

### 1-27 " Directly Debited By Bank"-4400 രൂപ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് തുകകൾ റീകൺസീലിയേഷൻ പത്രിക യിൽ ഈ തുക " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി

ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2019-20 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| തീയ്യതി | തുക | ബാങ്ക് |
|---|---|---|
| 30/10/19 | 4400 | ടിഡിസിബി- |

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

## 1-28 "Directly Credited By Bank" എന്ന ഇനത്തിൽ 12000 രൂപ - കണക്കിൽ ഉൾപ്പെടുത്തിയില്ല

"Directly Credited By Bank" എന്ന ഇനത്തിൽ 12,000 രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയ്യതി | തുക | ബാങ്ക് |
|---|---|---|
| 16/3/20 | 12000 | ടിഡിസിബി- |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് ദിവസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2019-20 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി. (ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 ,മറുപടി ലഭ്യമാക്കിയില്ല)

## 1-29 പാസ്സ്ബുക്കുകൾ/അക്കൌണ്ട് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല

450610104-Nationalised Bank BMC എന്ന ബാങ്ക് അക്കൗണ്ടിന്റെ ബാങ്ക് റീകൺസീലിയേഷൻ പ്രകാരം 31/3/20 ൽ ബാങ്ക് പാസ്സ്ബുക്ക് നീക്കിയിരിപ്പ് 4,48,406 രൂപയാണ്. എന്നാൽ അക്കൗണ്ടിന്റെ പാസ്സ്ബുക്ക്/അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. (ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

## 1-30 ആകെ കിട്ടാനുള്ള തുകയേക്കാൾ കൂടുതൽ കിട്ടാൻ സാധ്യതയില്ലാത്ത തുകയായി ചേർത്തു

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 (എ) പ്രകാരം "432100101-Accumalated Provision For Outstanding Property Tax "ആയി 2,87,992 രൂപ ചേർത്തിട്ടുണ്ട്. ലൈബ്രറി സെസ്സ് ഉൾപ്പെടെ 31/3/20 ന് വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് കിട്ടാനുള്ള ആകെ തുക 1,86,590 രൂപ മാത്രമായിരിക്കേ ആ തുകയേക്കാൾ കൂടുതൽ തുക കിട്ടാൻ സാധ്യതയില്ല എന്ന ഇനത്തിൽ പ്രോവിഷൻ വെച്ചത് ശരിയല്ല. സർക്കാർ ഉത്തരവ് 152/11 തസ്വഭവ തീ 26/7/11 ലെ ഉത്തരവിന് വിധേയമായി പ്രോവിഷൻ ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 ,മറുപടി ലഭ്യമാക്കിയില്ല)

## 1-31 വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

വായ്പ ഇനത്തിൽ തൻവർഷം 2,40,000 രൂപ വരവുണ്ട്. ആയതിൽ സർക്കാർ 10,73,529 രൂപ ഗ്രാന്റിൽ നിന്ന് തിരിച്ചടവിലേക്ക് കുറവ് ചെയ്യുകയും മുൻബാക്കി ഉൾപ്പെടെ 31/3/2020 ൽ 1,15,84,612 രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. വിവരങ്ങൾ ഉൾപ്പെടുത്തി വായ്പ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

## 1-32 വസ്തു നികുതി (നോൺ റെസിഡെൻഷ്യൽ )തൻ വർഷം, കുടിശ്ശിക- യഥാർത്ഥ കളക്ഷനേക്കാൾ കൂടുതൽ 51910 രൂപ സഞ്ചയ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡിസിബി പത്രികയിൽ ചേർത്തു.തുടർപരിശോധന വേണം

വസ്തു നികുതി (നോൺ റെസിഡെൻഷ്യൽ ) തൻ വർഷം ഇനത്തിൽ വാർഷികകണക്കിൽ ചേർത്ത കളക്ഷനേക്കാൾ 49,417 രൂപയും കുടിശ്ശിക കളക്ഷനെക്കാൾ 2,493 രൂപയും ആകെ ഇപ്രകാരം 51,910 രൂപയും സഞ്ചയ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വസ്തു നികുതി ഡിസിബി പത്രികയിൽ കളക്ഷനായി കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു.(ഖണ്ഡിക 1-12,1-14 കൂടി കാണുക). ഡിസിബി തയ്യാറാകുന്ന സോഫ്റ്റ്‌വെയറിൽ നേരിട്ട് എൻട്രി നടത്തുന്നതിനുള്ള സൗകര്യമുള്ളതായി അറിയുന്നു. അതായത് തുക നല്കുന്നയാൾക്ക് രസീത് നല്കാതെയോ അല്ലെങ്കിൽ കുറവ് തുകയ്ക്ക രസീത് നല്കിയ ശേഷം കൂടുതൽ തുക നേരിട്ട് ഡിസിബി തയ്യാറാകുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തുന്നതിന് സാധിക്കുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിൽ കളക്ഷനായി ചേർത്തതിനാൽ ഈ കെട്ടിട ഉടമകളിൽ നിന്ന് വീണ്ടും നികുതി ഡിമാന്റ് ചെയ്യാൻ സാധ്യതയില്ല. എന്നാൽ പഞ്ചായത്ത് ഫണ്ടിൽ ഈ തുക കളക്ഷൻ വന്നിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാകുന്നതാണ്. മാസാന്ത്യത്തിൽ ഡിസിബി ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്ന രീതിയിൽ നിയന്ത്രണസംവിധാനം ഇല്ലാത്തതിനാൽ ഈ നഷ്ടം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ പരിശോധന ലോഗിൻ ലഭ്യമല്ലാത്തതിനാൽ ഓഡിറ്റ് കൂടുതൽ പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ ഏതെല്ലാം കെട്ടിടങ്ങളുടെ നികുതിയാണ് രസീതിന്റെ പിൻബലമില്ലാതെ സാംഖ്യ സോഫ്റ്റ്‌വെയറിലെ കണക്കിൽ ഉൾപ്പെടുത്തിയതെന്ന് പരിശോധിക്കേണ്ടതും ഇപ്രകാരം അനധികൃതമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കുന്നതിനും രേഖപ്പെടുത്തൽ വരുത്തിയതിനെതിരെ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു (ഓഡിറ്റ് എൻക്വയറി 11 തീ 17/6/22 , മറുപടി ലഭ്യമാക്കിയില്ല)

## 1-33 ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കാത്തതു സംബന്ധിച്ച് - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് നികുതി അടവാക്കി

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. പഞ്ചായത്തിലെ ലൈസൻസ് പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ | സ്ഥാപനങ്ങളുടെ പേര് | ജീവനക്കാരുടെ |
|---|---|---|

| നമ്പർ | | എണ്ണം |
|---|---|---|
| 1 | ലേഡീസ് ഹോംലി ഫുഡ്സ് | 8 |
| 2 | ചാക്യാത്ത് ഓയിൽ മിൽസ് | 8 |
| 3 | ഉമേഷ് വുഡ് ഇൻഡസ്ട്രീസ് | 5 |
| 4 | മാർജിൻ ഫ്രീ മാർക്കറ്റ് | 4 |
| 5 | ജീവിതം ബേക്കറി | 8 |
| 6 | ടേസ്റ്റി ഫുഡ്സ്, വെള്ളാങ്കല്ലൂർ | 6 |
| 7 | ധരണി ഫെർട്ടിലൈസേർസ്, വെള്ളാങ്കല്ലൂർ | 5 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ (10/17.06.2022) മേൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി നടപടി സ്വീകരിച്ചിട്ടുണ്ട്.

## 1-34 തൊഴിൽ നികുതി കുറവായി ഈടാക്കി - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് അടവാക്കി

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി കുറവായി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ/ ജീവനക്കാരന്റെ പേര് | അർദ്ധവർഷം | പിരിച്ച തുക | പിരിക്കേണ്ട തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | വെള്ളാങ്കല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് അസീസ്.എ,.ഇ. | I | 300 | 450 | 150 |
| 2 | വള്ളിവട്ടം ക്ഷീരോല്പാദകസഹകരണ സംഘം ബിന്ദു,.സി.ഇ. | I | 120 | 300 | 180 |
| 3 | വള്ളിവട്ടം ക്ഷീരോല്പാദകസഹകരണ സംഘം രേണു.എം,ആർ | I | 120 | 300 | 180 |
| 4 | വള്ളിവട്ടം ക്ഷീരോല്പാദകസഹകരണ സംഘം രമണി മോഹനൻ | I | 120 | 180 | 60 |
| 5 | ആലിയ ഹോമിയോ ക്ലിനിക് റസീസ്.വി.എൻ | I | 120 | 600 | 480 |
| 6 | വീനസ് ഹോട്ടൽ നിധീഷ്.കെ.എൻ | I | 360 | 600 | 240 |
| | ആകെ | | | | 1290 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ (8/16.06.2022) മേൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി നടപടി സ്വീകരിച്ചിട്ടുണ്ട്.

## 1-35 അനധികൃത കെട്ടിട നിർമ്മാണം : 13/129A തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ഫയൽ നം. A4 6626/ 18 ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന വിഷയങ്ങൾ കാണുന്നു.

28.6.2018 ൽ ശ്രീമതി ഐഷ കരിപ്പാക്കുളം എന്നവരുടെ വള്ളിവട്ടം കനോലി കനാലിനോട് ചേർന്നുള്ള സ്ഥലത്തു (CRZ കാറ്റഗറി 3) വാസഗൃഹം പണിയുന്നതിനു പഞ്ചായത്ത് ഇതേ ഫയൽ നമ്പറിൽ NOC അനുവദിക്കുകയും 22.8.2019 ലെ A4/8163/19 തപാൽ പ്രകാരമുള്ള ശ്രീമതി ഐഷ കരിപ്പാക്കുളം എന്നവരുടെ വള്ളിവട്ടം കനോലി കനാലിനോട് ചേർന്ന സ്ഥലത്തുള്ള 37.3 M2 വിസ്തീർണ്ണമുള്ള വാസഗൃഹ നിർമ്മാണം റഗുലൈസ് ചെയ്യുന്നതിനുള്ള അപേക്ഷയിൻമേൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും നിർമ്മാണ അനുമതി തേടിക്കൊണ്ട് 12.11.2019 ൽ ഇതേ ഫയൽനം പ്രകാരം പഞ്ചായത്ത് സെക്രട്ടറി കത്തു നൽകുകയുണ്ടായി. 25.11.2019 ൽ 2388/എ2/2019/ KCZMA നം കത്തു പ്രകാരം തോടിന്റെ വീതി, സാക്ഷ്യപ്പെടുത്തിയ അപേക്ഷ എന്നിവ സഹിതം കേരള തീരദേശ പരിപാലന അതോറിറ്റിക്ക് 15 ദിവസത്തിനുള്ളിൽ മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 24.2.2021 ൽ മാത്രമാണ് കാര്യാലയം രേഖകൾ സഹിതം മറുപടി നൽകിയിട്ടുള്ളത്. കെട്ടിടം ഉടമ അനധികൃത കെട്ടിട നമ്പർ അനുവദിച്ച തരുന്നതിനുള്ള 29.7.2021 ലെ അപേക്ഷയിൻ മേലും പഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. 22.8.2019 ലെ അപേക്ഷയിൻ മേൽ എത്രയും വേഗം തുടർനടപടി സ്വീകരിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അനധികൃത കെട്ടിടമായി കണക്കാക്കി വസ്തുനികുതി അസസ്സ് ചെയ്യേണ്ടതാണ് (ഓഡിറ്റ് അന്വേഷണം 16/17.6.2022)

## 1-36 വിമുക്ത ഭടന്മാരുടെ വസ്തുനികുതിയിളവ് - വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്

വിമുക്ത ഭടൻന്മാർക്ക് കെട്ടിടനികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് വിമുക്ത ഭടന്മാരുടെ അപേക്ഷ സംബന്ധിച്ച ഫയൽ, രജിസ്റ്റർ, സഞ്ചയയിൽ

നിന്നുള്ള 2019-20 ലെ വിമുക്ത ഭടൻമ്മാർക്ക് കെട്ടിടനികുതിയിളവ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

1) 2019-20 ൽ അപേക്ഷ ഇല്ലാതെ നികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ താഴെ ചേർക്കുന്നു

1/268,3/283,3/382,4/60,5/590,6/605A,6/746,6/761,7/58,7/338,7/377,7/377A,8/5,8/9,9/594,12/285,12/356,15/113,16/200,16/250,17/510,17/556,18/288,/188-24എണ്ണം

ഇതിൽ കെട്ടിട നമ്പർ 3/283,3/382,5/590,6/746,7/338,12/285,15/113,16/200,16/250,17/510,17/556,18/288,20/188 എന്നിവയുടെ വിശദാംശം തൻവർഷം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഒഴിവാക്കി നൽകിയതു സംബന്ധിച്ച തീരുമാനം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 7/15.6.2022)

കെട്ടിടങ്ങൾ Exemption Period Continue Status ൽ കിടക്കുന്നതുകൊണ്ട് മുൻവർഷങ്ങളിലും ഇപ്രകാരം വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. സ. ഉ(കൈ) നം 106/17 ത.സ്വ.ഭ.വ തീ.26.5.17 പ്രകാരം യഥാസമയം അപേക്ഷ സ്വീകരിക്കേണ്ടതും അതതു വർഷത്തേക്കുമാത്രം നികുതി ഒഴിവാക്കേണ്ടതുമാണ്.

രജിസ്റ്ററിൽ രേഖപ്പെടുത്തിയ 9/417,17/316,20/576,21/100 എന്നീ കെട്ടിടങ്ങൾ വിമുക്ത ഭടന്മാരുടെ സഞ്ചയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ടി കെട്ടിങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അപേക്ഷ ഫയലുകളും ഒഴിവാക്കിയ തീരുമാനവും സഹിതം അറിയിക്കേണ്ടതാണ്. സഞ്ചയയിൽ മേൽ പ്രകാരം ഒഴിവാക്കിയ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്

## 1-37 വേക്കൻസി റമിഷൻ അപാകത

വേക്കൻസി റമിഷൻ – വസ്തു നികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്നുള്ള 2019-20 ലെ വസ്തുനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, വേക്കൻസി റമിഷൻ രജിസ്റ്റർ, വേക്കൻസി റമിഷൻ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

1) അപേക്ഷക്കു മുൻപുള്ള കാലയളവിൽ ഇളവ് നൽകി

ഫയൽ നം 9686/10.12.2019 - ടി എ അഷറഫ് തരുപീടികയിൽ

കെട്ടിട നമ്പർ – 6/289 B മുതൽ N വരെ

ആകെ 7,955 രൂപ 1.4.2019 മുതൽ 30.9.2019 കാലയളവിലേക്ക് ഇളവ് നൽകിയത് അംഗീകരിക്കാവുന്നതല്ല. (28.11.2019 ലെ ഭരണസമിതി തീ 2-3(1)). ഫയൽ, ഫീൽഡ് പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

II) ഫയലിൽ നടപടിയില്ല

ഫയൽ നം എ 4/5756/2019 തി 17.5.2019-കെട്ടിടനമ്പർ 16/74A)പ്രകാരം റമിഷൻ നൽകിയിട്ടില്ലെങ്കിലും ഫീൽഡ് പരിശോധന നടത്തുകയോ രജിസ്റ്ററിൽ ചേർക്കുകയോ , ചെയ്തിട്ടില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി 6/15.6.2022). അപേക്ഷയിൻമേൽ ഫീൽഡ് പരിശോധന റിപ്പോർട്ട്, കടിശ്ശിക ഇല്ലായെന്ന പരിശോധന റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ അടുത്ത സാമ്പത്തിക അർദ്ധവർഷത്തിലേക്ക് Vacancy Remission അനുവദിക്കാവുന്നതാണ്.

## 1-38 സ്ഥാപനങ്ങൾക്ക് വ്യവസായ ഗണത്തിൽ വസ്തു നികുതി നിർണ്ണയിക്കാതെ വാണിജ്യാടിസ്ഥാനത്തിൽ നിർണ്ണയിച്ച നികുതി ഈടാക്കുന്നു

2019-20 വ്യവസായം, വാണിജ്യം, സംരഭകത്വം, മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ്, സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ വാണിജ്യ ലൈസൻസെടുത്ത താഴെ പറയുന്ന 63 വ്യാവസായിക കെട്ടിടങ്ങൾ സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

കെട്ടിട നം 16/203,16/196,21/283A,4/456A,2/342,21/627,21/626,20/46A,21/363,364,21/983,3/113,21/383,21/985,986,3/130,2/217,218,3/111,3/116,3/184,15/138,2/21A, /550,3/247,3/260,3/269,21/816,3/108,21/343,2/412,12/406A,21/410,17/371A,6/247,249,20/433,3/268A,20/56C,6/293,15/282,11/216,20/52,4/633A,9/228,21/154,19/200,20/552,17/223B,10/214,15/137,139,20/388,389,11/554,15/135,10/214,21/226,7/509,21/435A,3/97,2/488,20/96 .

മേൽപ്പറഞ്ഞ 63 കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തേണ്ടതും സുരക്ഷ മാനദണ്ഡങ്ങൾക്കനസൃതമായി G1, G2, MIMSE എന്നീ വ്യവസായ ഗണങ്ങളിൽ ലൈസൻസ് അനുവദിക്കേണ്ടതും സഞ്ചയയിൽ വാണിജ്യ ഗണത്തിൽ നിന്നും മാറ്റി വസ്തുനികുതി പരിഷ്കരിക്കേണ്ടതുമാണ്. കൂടാതെ 5 HPയിൽ കൂടുതലായി മെഷിനറി ഉപയോഗിക്കുന്ന ഫ്ലവർമിൽ ഉൾപ്പെടുയുള്ള സ്ഥാപനങ്ങളെയും വ്യവസായ ഗണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 13/17.6.2022)

## 1-39 വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതി-അപാകതകൾ

പദ്ധതി 67/20 – ആടുവളർത്തൽ

വികസന ഫണ്ട്

അടങ്കൽ : ₹200000/-

ചെലവ് : ₹100000 വൗച്ചർ നം – 21901201/26.12.19 തുക – ₹100000/-

ഗുണഭോക്തൃവിഹിതം

അടങ്കൽ : ₹200000/-

ചെലവ് : ₹100000 വൗച്ചർ നം – 21900960/18.12.19 തുക – ₹100000/-

ഒരു ഗുണഭോക്താവിനു 20,000 രൂപക്ക് രണ്ടു ആടുകൾ 50% സബ്സിഡിയിൽ നൽകുന്നതാണ് പദ്ധതി. ആടുകളെ വാങ്ങുന്നത് ഗുണഭോക്താവാണ്. ഗുണഭോക്തൃ വിഹിതം കൈപ്പറ്റിയതായുള്ള ആടിനെ വിറ്റയാളുടെ കൈപ്പറ്റ് രസീത്, ബാങ്ക് പാസ്സ്ബുക്ക് കോപ്പി, ഗുണഭോക്താവിന്റെ സാക്ഷ്യപ്പെടുത്തൽ, ആടുകളെ ഇൻഷ്വർ ചെയ്ത രേഖ എന്നിവ സഹിതം ലഭ്യമാക്കുമ്പോഴാണ് 10,000 രൂപ സബ്സിഡി തുക വിററയാളുടെ അക്കൗണ്ടിലേക്ക് കൈമാറുന്നത്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ആടുകളെ ഇൻഷ്വർ ചെയ്ത വിവരം ലഭ്യമാക്കാതെയാണ് തുക കൈമാറിയിരിക്കുന്നത്.

1) ലില്ലി ഔസേഫ്

2) ജിജി ദാസൻ

3) പുഷ്പകല രാജൻ

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയില്ല (നം. 15 /17.6.2022), ഇൻഷ്വർ ചെയ്ത വിവരം ലഭ്യമാക്കേണ്ടതാണ്

## 1-40 രേഖകൾ അപൂർണം/ഹാജരാക്കിയില്ല-479622 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം – സെക്രട്ടറി

താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ ചെലവുകൾ അവയ്ക്ക് നേരെ രേഖപ്പെടുത്തിയിരിക്കുന്ന കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| പ്രോജക്റ്റ് | തുക | വൌച്ചർ/ചെക്ക് | തീയ്യതി | ഓഡിറ്റ് കുറിപ്പ് |
|---|---|---|---|---|
| 155/20-പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം , ഒന്നാം നില ഇലക്ട്രിഫിക്കേഷൻ | 310000 | 6133362 (എസ് ടി എസ് ബി) | 31/3/20 | ഡെപ്പോസിറ്റ് പ്രവൃത്തിക്കായി പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ) ന് നല്കിയ തുക. നാളിതു വരെ പണി പൂർത്തിയാക്കി വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രം, ബിൽ എന്നിവ ഹാജരാക്കിയിട്ടില്ല.സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല |
| 196/20-കൃഷിഭവൻ വൈദ്യുതീകരണം | 169622 | 21901410 | 30/3/20 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല |
| | 479622 | | | |

(ഓഡിറ്റ് എൻക്വയറി 9 തീ 16/6/22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-41 ലൈഫ് വായ്പ പദ്ധതി- ജനറൽ വിഭാഗത്തിന്റെ വായ്പയിലേക്ക് എസ് സി പി വിഹിതത്തിൽ നിന്നും റിക്കവറി- തുടർനടപടി സ്വീകരിക്കണം

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | ചെലവ് വിവരങ്ങൾ | തുക |
|---|---|---|
| 248/20,249/20 -ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി) | സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രോജക്റ്റ്.വികസനഫണ്ട് എസ് സി പിയിൽ നിന്ന് കുറവ് ചെയ്തത്. വൗച്ചർ 41900323 തീ 31/3/20 | 66177<br>66176 |

ലൈഫ് പദ്ധതിക്കായി SCP ഇനത്തിൽ ഹഡ്കോ വായ്പയിൽ നിന്നും വിഹിതം വെച്ചതായോ തുക ചെലവഴിച്ചതായോ കാണുന്നില്ല (2017-18 മുതൽ 2018-19 വരെ). എസ് സി പി പ്രോജക്റ്റിൽ വായ്പ വിഹിതം ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ വികസന ഫണ്ട് എസ് സി പി ഇനത്തിൽ നിന്ന് വായ്പയിലേക്ക് തിരിച്ചടവിനുള്ള കിഴിവ് നടത്തിയ തുക തിരികെ ലഭിക്കുന്നതിന് ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-42 കളിത്തട്ട് – കായിക പ്രോത്സാഹനം ലക്ഷ്യമിടുന്ന പ്രോജക്ടുകൾ നടപ്പാക്കിയത് ഹെഡ്മിസ്ട്രസ്സ്.

നിർവ്വഹണം-ഹെഡ്മിസ്ട്രസ്സ്

| പ്രോജക്റ്റ് | ചെലവ് | ചെക്ക് നമ്പർ | തീയ്യതി | വിവരണം |
|---|---|---|---|---|
| 138/21 കളിത്തട്ട് | 37,500 | 6133354 | 20/3/20 | 4 ദിവസത്തെ ഫുട്ബോൾ ട്രെയിനിംഗ് ക്യാമ്പ് നടത്തിയതിന്റെ സംഘാടന ചെലവ് 15,000 രൂപ, ട്രെയിനർക്കുള്ള ഹോണറേറിയം 22,500 രൂപ |

പ്രോജക്റ്റ് പ്രകാരം യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും കായിക പ്രോത്സാഹനം ലക്ഷ്യമിടുന്നു. അതിനായി ഫുട്ബോൾ, വോളി ബോൾ പരിശീലനം എന്നിവ പ്രോജക്റ്റിൽ ഉൾപ്പെടുന്നു.

സ.ഉ (കൈ)22/2018 തസ്വഭവ തീ 14/2/18 ത ഖണ്ഡിക 7.6.10 പ്രകാരം ഈ പ്രോജക്ടുകൾ നടപ്പാക്കേണ്ടത് സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറിയാണ്. എന്നാൽ വിദ്യഭ്യാസ പ്രോജക്ടുകൾ ഏറ്റെടുക്കേണ്ട ഹെഡ്മിസ്ട്രസ് ആണ് വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ ഈ പ്രോജക്റ്റ് നടപ്പാക്കിയിരിക്കുന്നത്.ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 2 തീ 15/6/22 ,മറുപടി ലഭ്യമാക്കിയെങ്കിലും റിപ്പോർട്ടിൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.)

## 1-43 കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങൽ -15594 രൂപയുടെ അനുബന്ധ സാമഗ്രഹികൾ (യു പിഎസ്) ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണം- ഹെഡ്മിസ്ട്രസ്സ്

| പ്രോജക്റ്റ് | ചെലവ് | ചെക്ക് നമ്പർ | തീയ്യതി | വിവരണം |
|---|---|---|---|---|
| 231 /20 -പൊതു വിദ്യഭ്യാസ സംരക്ഷണ യജ്ഞം | 258408 | 6133352 ട്രഷറി ടി എസ് ബി | 20.03.20 | 6 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രഹികളും വാങ്ങുന്നതിന് പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിന് നല്കിയ തുക |

മേൽ പ്രകാരം തുക നല്കിയെങ്കിലും 2,42,814 രൂപയുടെ ഇൻവോയ്സ് പ്രകാരം കെൽട്രോൺ 6 കമ്പ്യൂട്ടറുകൾ സപ്ലൈ ചെയ്തതിന്റെ ഇൻവോയ്സാണ്

ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 15,594 രൂപയുടെ അനുബന്ധ സാമഗ്രഹികൾ (യു പിഎസ്) ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 2 തീ 15/6/22 , മറുപടി ലഭ്യമാക്കിയെങ്കിലും റിപ്പോർട്ടിൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.)

## 1-44 സാംസ്കാരികോത്സവം- ബാലകലോത്സവം- വികസനഫണ്ടിൽ നിന്നും അനുവദനീയമല്ലാത്ത ചെലവുകൾ-പ്രോജക്റ്റ് നടപ്പാക്കിയത് ഹെഡ്മിസ്ട്രസ്സ്.- ചെലവ് തുക 192046 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം-ഹെഡ്മിസ്ട്രസ്സ്

| പ്രോജക്റ്റ് | ചെലവ് | വൗച്ചർ/ ചെക്ക് നമ്പർ | തീയ്യതി | വിവരണം |
|---|---|---|---|---|
| 44-പ്രീ പ്രൈമറി കലാകേന്ദ്രം പ്രവർത്തനം | 97071<br>45000<br>142071 | 21901330<br>613357 (Stsb) | 30/12/19<br>24/3/20 | ബാലകലോത്സവം സംഘാടന ചെലവ്<br>നാടകം,നാടകപരിശീലനം ചെലവുകൾ(നാടകപരിശീലനത്തിന് 35,000 രൂപ) തനത് ഫണ്ടിൽ നിന്നും. |
| 161-ചീപ്പുചിറ സാസ്കാരികോത്സവം | 49975 | 6133351 (ടിഎസ്ബി) | 20/3/20 | സാംസ്കാരികോത്സവം സംഘടിപ്പിച്ചതിന് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക |

മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

1. വിദ്യഭ്യാസ പ്രോജക്ടുകൾ ഏറ്റെടുക്കേണ്ട ഹെഡ്മിസ്ട്രസ് സാംസ്കാരികോത്സവം പ്രോജക്ടുകൾ ഏറ്റെടുത്തു നടത്തി. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2. സ.ഉ (കൈ)22/2018 തസ്വഭവ തീ 14/2/18 ത ഖണ്ഡിക 8.4 പ്രകാരം ഉത്പാദനപരമല്ലാത്ത മേളകൾ, ഉത്സവങ്ങൾ എന്നിവ വികസന ഫണ്ട് ഉപയോഗിച്ച് നടത്താൻ പാടില്ലാത്തതാണ്.എന്നാൽ ബാലകലോത്സവ ചെലവിലേക്ക് 97,071 രൂപ വികസന ഫണ്ട് ഉപയോഗിച്ചു.(ബാലസഭ പ്രവർത്തനം വേറെ പ്രോജക്റ്റ് ആയി നടപ്പാക്കിയിട്ടുള്ളതാണ്.)

3. 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ)ചട്ടങ്ങൾ ,ചട്ടം 3(1)അനുസരിച്ച് മേൽ ഇനങ്ങൾക്ക് തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കാം.എന്നാൽ ആയതിന് പഞ്ചായത്തിന്റെ മിച്ച ഫണ്ട് സംബന്ധിച്ച കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ആയതിനുള്ള പരിധി ചട്ടം 4 പ്രകാരം പരമാവധി 100000 രൂപയുമാണ്.തനത് ഫണ്ടിൽ നിന്ന് ഈയിനത്തിൽ ഈ പ്രോജക്റ്റിൽ തന്നെ 94,975 രൂപ ചെലവഴിച്ചിട്ടുമുണ്ട്.

2,3 എന്നീ കാരണങ്ങളാൽ ആകെ ചെലവ് തുക 1,92,046 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 2 തീ 15/6/22, മറുപടി ലഭ്യമാക്കിയെങ്കിലും റിപ്പോർട്ടിൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.)

## 1-45 കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ക്ഷേമപ്രവർത്തനങ്ങൾ(നിർഭയ) - പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ-

നിർവ്വഹണം-ഐസിഡിഎസ് സൂപ്പർവൈസർ

| പ്രോജക്റ്റ് | ചെലവ് | വൗച്ചർ നമ്പർ | തീയ്യതി | വിവരണം |
|---|---|---|---|---|
| 152/20 | വികസന ഫണ്ട് 98000 | 21900661 | 17/4/2019 | 5 സ്കൂൾ കേന്ദ്രങ്ങളിലായി 80 കരാട്ടെ പരിശീലന ക്ളാസ്സുകൾ -ഭരണസമിതി അംഗീകരിച്ച ക്വട്ടേഷൻപ്രകാരം കരാട്ടെ അധ്യാപകന്റെ ആകെ പ്രതിഫലതുക 98,000 രൂപ |
| 104/20 | തനതുഫണ്ട് 140000 | 21901416 | 30.3.2020 | ക്വാളിഫിക്കേഷൻ മാനദണ്ഡമാക്കി കരാട്ടെ അധ്യാപകന്റെ ക്വട്ടേഷൻ അംഗീകരിക്കൽ.കരാട്ടെ അധ്യാപകന് ആകെ നൽകിയതുക 1,40,000 രൂപ |

മേൽ പരാമർശിച്ച രണ്ടു പദ്ധതികളും പഞ്ചായത്തിലെ 33 അങ്കണവാടികളിലെ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സെൽഫ് പ്രൊട്ടക്ഷന്റെ ഭാഗമായി കരാട്ടെ സായുധ പരിശീലനം നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ് .

പദ്ധതി നടത്തിപ്പിലെ പരിമിതികൾ/അപാകതകൾ ചുവടെ ചേർക്കുന്നു.

1) രണ്ടു പദ്ധതികളിലും പരിശീലകന്റെ/അധ്യാപകന്റെ ഒരു ക്ലാസ്സിനുള്ള വേതനം എത്രയെന്ന് ക്വട്ടേഷനിൽ കൃത്യമായി വ്യക്തമാകുന്നില്ല. ആദ്യ പദ്ധതിയിലെ ക്വട്ടേഷനിൽ സർട്ടിഫിക്കറ്റ്, ബെൽറ്റ് എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിനും കൂടിയുള്ള പ്രതിഫലമാണ് പരിശീലകന്റെ പ്രതിഫലതുക കാണിച്ചിരിക്കുന്നത്

ആദ്യപദ്ധതി ക്രമനം 152 ൽ ഇപ്രകാരം ക്വൊട്ടേഷനിൽ പ്രതിഫലം ഏറ്റവും കുറവ് ക്വാട്ട് ചെയ്ത റെജി എം എ മൂക്കോല വീട് എന്ന വ്യക്തിക്കു ക്വട്ടേഷൻ അംഗീകരിച്ച കൊടുക്കുകയും രണ്ടാമത്തെ പദ്ധതി 104 ൽ ക്വട്ടേഷൻ തന്നവരിൽ അധികം ക്വാളിഫിക്കേഷൻ ഉള്ളവർ ഉണ്ടായിട്ടും ഇതേ വ്യക്തിക്കു പഞ്ചായത്ത് പ്രസിഡന്റ് ശുപാർശയിൽ ഭരണസമിതി ക്വട്ടേഷൻ അംഗീകരിച്ച നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ രണ്ടാമത്തെ പദ്ധതിയിൽ ലഭിച്ച ക്വൊട്ടേഷനുകളിൽ പ്രതിഫലതുക രേഖപ്പെടുത്തിയിട്ടുമില്ല. കരാട്ടെ അധ്യാപകന്റെ പരിശീലന ക്ളാസ്സുകളുടെ വിവരവും രേഖപ്പെടുത്തിയിട്ടില്ല. തെരഞ്ഞെടുപ്പ് കമ്മറ്റിയുടെ തീരുമാനം സൂക്ഷിച്ചിട്ടില്ല.

2) രണ്ടാമത്തെ പദ്ധതിയിൽ സർട്ടിഫിക്കറ്റ്, ബെൽറ്റ് എന്നിവയടക്കം വാങ്ങി വിതരണം ചെയ്യുന്നതിനായി ആകെ പ്രതിഫലം പരിശീലകൻ 1,46,000 രൂപ ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 1,40,000 രൂപയാണ് കൈമാറിയിട്ടുള്ളത്. വേതനം, മറ്റു ചെലവ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) സ്കൂൾ തലത്തിൽ തെരഞ്ഞെടുത്ത കുട്ടികളുടെ ലിസ്റ്റ്, പരിശീലനം പൂർണ്ണമായും പൂർത്തീകരിച്ച കുട്ടികളുടെ വിവരം, കരാട്ടെ പരിശീലകന്റെ അറ്റൻഡൻസ്

രജിസ്റ്റർ, സർട്ടിഫിക്കറ്റ് വിതരണം ചെയ്ത വിവരം (വിതരണ തിയ്യതി ഉൾപ്പെടെ ), പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലില്ല.

ആദ്യ പദ്ധതിയിൽ 8 സർട്ടിഫിക്കറ്റുകളും യെല്ലോ ബെൽറ്റുകളും കൈമാറാതെ സൂക്ഷിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റ്, യെല്ലോ ബെൽറ്റ് എന്നിവ കൈമാറുന്നതടക്കമുള്ള മുഴുവൻ ചെലവിലേക്കും പദ്ധതിചെലവ്തുക 98,000 രൂപ കൈപ്പറ്റിയതായുള്ള പരിശീലകന്റെ ബില്ലും കുട്ടികളുടെ പേര്, ഒപ്പ് രേഖപ്പെടുത്തിയ നോട്ടുപുസ്തകം എന്നിവയാണ് പരിശോധനക്ക ലഭ്യമാക്കിയിട്ടുള്ളത്

അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം 14/17.6.2022). മറുപടി ഫയൽ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-46 സ്ഥാപനത്തിന്റെ കൈപ്പറ്റ് രശീതി, സ്റ്റോക്ക് രജിസ്റ്റർ വിതരണ രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല 338880 രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റ് സംബന്ധിച്ച പൊതുവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 30/20 |
| പേര് | വൃദ്ധർക്ക് കട്ടിൽ |
| അടങ്കൽ | 348664<br>3686<br>ആകെ – 352350 |
| നിർവഹണം | അസി,. സെക്രട്ടറി |
| ബിൽ നം, തുക | 15/19-20, 338880/ |

മേൽ പദ്ധതി പ്രകാരം M/s സിഡ്കോയിൽനിന്ന് ഇൻവോയ്സ് നം. OLR/19-20/19/3/20 പ്രകാരം മേൽപറഞ്ഞ തുക 81 കട്ടിലുകൾ വാങ്ങാൻ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ കൈപ്പറ്റ് രശീതി, തട്ടിലുകൾ സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്റർ, വിതരണം നടത്തിയത് സംബന്ധിച്ചുള്ള രജിസ്റ്റർ എന്നിവ പരിശോധക്ക് സമർപ്പിച്ചിട്ടില്ലാത്തതിനാൽ 3,38,880 രൂപ തടസ്സപ്പെടുത്തുന്നു.

## 1-47 പ്രൊജക്റ്റിൽ വിഭാവനം ചെയ്തതിനനുസൃതമല്ലാത്ത ചെലവ് 2,00,000 രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റ് സംബന്ധിച്ച പൊതുവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 113/20,പുതിയ പ്രൊജക്റ്റ് |
| പേര് | പട്ടികജാതിയിൽപെട്ട യുവാക്കൾക്ക് വിദേശത്ത് പോകുവാനായി വിസക്കും വിമാനടിക്കറ്റിനും സാമ്പത്തിക സഹായം |
| അടങ്കൽ,ഫണ്ട് | രണ്ട് ലക്ഷം രൂപ,എസ്.സി.പി. |
| നിർവഹണം | അസി.സെക്രട്ടറി |
| ബിൽ നം, തുക | 5/10-20/26/10/19, 100000/<br>13/,,/13/3/20 , 100000/ |

ആദ്യ ബിൽ പ്രകാരം മാറിയ ഒരു ലക്ഷം രൂപ നല്കിയത് ശ്രീ.ഡിബിൻ, പി.എം.പടിയത്ത് മോഹനൻ മകൻ,വള്ളിവട്ടം എന്നവർക്കാണ്. M/s റോയറ ഹോളിഡേയ്സ് എന്ന സ്ഥാപനം 18/11/18 ന് അനുവദിച്ച എയർ ഇന്ത്യ എക്സ്പ്രസ്സിന്റെ വിമാനടിക്കറ്റഖിന്റെ സാക്ഷ്യപ്പെടുത്തിയ പ്രകാരംഇദ്ദേഹം 26/12/18 ന് കൊച്ചിയിൽനിന്ന് പുറപ്പെട്ട് അന്നു തന്നെ ദുബായിയിൽ എത്തിച്ചേരണം. ദുബായിയിലെ (യു.എ.ഇ ) ഫെഡറൽ അതോറിറ്റി ഓഫ് ഐഡന്റിറ്റി ആന്റ് സിറ്റിസൺഷിപ്പ് 17/3/19 ് നൽകിയ എംപ്ളോയ്മെന്റ് സർട്ടിഫിക്കറ്റ് പ്രകാരം ഇദ്ദേഹം ഫോളോ അപ്പ് ക്ളർക്ക് ആയി യു.എ.ഇ. യിൽ പ്രവേശിക്കുവാൻ അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് വിസക്കും വിമാനടിക്കറ്റിനും സാമ്പത്തികസഹായം നൽകുക എന്നതാണ് പ്രൊജക്റ്റിന്റെ ഉദ്ദേശ്യം, എങ്കിലും നേരത്തെ വിദേശത്ത് പോയി ജോലി ലഭിച്ചയാൾക്കാണ് തുക അനുവദിച്ചത് എന്ന് സാക്ഷ്യപ്പെടുത്തി രേഖകൾ വ്യക്തമാക്കുന്നു.

രണ്ടാം ബിൽ പ്രകാരം മാറിയ ഒരു ലക്ഷം രൂപ അനുവദിച്ചത് ശ്രീ. പ്രണവ്. വി. എസ്. വാര്യക്കാടൻ സുബ്രഹ്മണ്യൻ മകൻ, മനക്കപ്പടി, കോണത്തുകുന്ന് എന്നവർക്കാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്താതെ നൽകിയ ഗുണഭോക്തൃലിസ്റ്റിൽ ഇദ്ദേഹം ഉൾപെട്ടിട്ടുമില്ല. ശ്രീലങ്കൻ എയർലൈൻസിന്റെ 30/10/19 ലെ സാക്ഷ്യപ്പെടുത്തിയ ട്രാവൽ സമ്മറി പ്രകാരം ഇദ്ദേഹം 30/10/19 ന് പുറപ്പെട്ട് അന്നേ ദിവസം തന്നെ മസ്കറ്റിൽ എത്തുന്നു.സുൽത്താനേറ്റ് ഓഫ് ഒമാന്റെ എൻട്രി വിസയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പ്രകാരം ഇദ്ദേഹത്തിന് 28/5/13മുതൽ രണ്ട് വർഷത്തേക്ക്

സിങ്കിൾ എംപ്ളോയ്മെന്റാണ് അനുവദിച്ചിരിക്കുന്നത്.

മേൽപറഞ്ഞ രേഖകൾ എല്ലാം സൂചിപ്പിക്കുന്നത് ഇദ്ദേഹവും നേരത്തെ വിദേശത്ത് പോയിരുന്നു എന്നാണ്.

പ്രൊജക്റ്റിൽ വിഭാവനം ചെയ്തതിനനുസൃതമല്ലാതെ തുക ചെലവഴിച്ചതിനാൽ 2,00,000 രൂപ തടസ്സപ്പെടുത്തുന്നു.ഇത് സംബന്ധിച്ച് നൽകിയ 12/17/6/22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 1-48 ഭവനപുനരുദ്ധാരണം പട്ടികജാതി -പണി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റ് സംബന്ധിച്ച പൊതുവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 194/20 |
| അടങ്കൽ, ഫണ്ട് | എസ്. സി.പി |
| നിർവഹണം | വി.ഇ.ഒ. വടക്കുംകര |
| ബിൽ നം, തുക | 12/24/10/10, 50000/ |

ഒരു ലക്ഷം രൂപ ചെലവുവരുന്ന മേൽപദ്ധതിയിൽ മേൽപറഞ്ഞ തുക മുൻകൂർ കൈപ്പറ്റിയ ശേഷം ശ്രീ. രാജൻ,തൊട്ടുപ്പറമ്പിൽ വേലായുധൻ മകൻ, വാർഡ് 3 എന്നവർ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

ഇദ്ദേഹത്തെക്കൊണ്ട് എത്രയും വേഗം പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ, പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണയം നടത്തി ബാക്കി തുക 12% പലിശ സഹിതം ഈടാക്കി സഞ്ചിതനിധിയിലടവാക്കി വിവരം ഓഡിറ്റിന്

ലഭ്യമാക്കേണ്ടതുമാണ്.

### 1-49 മരാമത്ത് പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും

സാമ്പത്തികവർഷം 101 പ്രൊജക്ടുകൾ ആവിഷ്കരിച്ചതിൽ കോവിഡ് സാഹചര്യം മൂലം 36പ്രൊജക്ടുകൾക്ക് വേണ്ടിയാണ് തുക ചെലവഴിക്കാൻകഴിഞ്ഞിട്ടുള്ളത്. മൊത്തം 4,33,54,797 രൂപയുടെ അടങ്കൽ വകയിരുത്തിയതിൽ 1,21,43,282 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

### 1-50 കരാറുകൾ ആധികാരികമായി ചമച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയർ നിർവഹണോദ്യോഗസ്ഥരായി നടപ്പിലാക്കിയ പ്രൊജക്ടുകളിന്മേലുള്ള പൊതു നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1.2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2010 അനുശാസിക്കുന്ന മാതൃകയിലല്ല കരാറുകാരുമായി കരാർ ചമച്ചിട്ടുള്ളത് .കാലഹരണപ്പെട്ട കേരള ഡിറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള മാതൃകയിലാണ് ഇപ്പോഴും കരാർ ചമച്ചുവരുന്നത്.

2012 ലെ കേരള പൊതുമരാമത്ത് മാന്വൽ എല്ലാ ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുള്ളതിനാൽ ആയതിലെ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് തന്നെ കരാറുകൾ ചമച്ച് ആധികാരികമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-51 പ്രൈസ് സോഫ്റ്റ്‌വെയറിലെ അപാകത

7/5/19 ലെ ത.സ്വ.ഭ. വകുപ്പിന്റെ സ.ഉ. (എം.എസ്)74/14 നമ്പർ ഉത്തരവിൽ5%ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ത.സ്വ.ഭ.വകുപ്പ് സ്ഥാപനങ്ങളിലെ മരാമത്ത് പണികൾക്ക് വേണ്ടി PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. ഇതിൻമേൽ 10% കോൺട്രാക്റ്ററുടെ ലാഭം കൂട്ടി ഉൾപ്പെടുത്തുമ്പോൾ കരാറുകാർക്ക് അധികതുക ലഭിക്കുന്നുണ്ട്. ഇക്കാര്യം ചീഫ് എൻജിനീയറുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

### 1-52 കാലി ബാരൽ വില ഈടാക്കിയിട്ടില്ല

ബിറ്റുമിൻ ഇമൽഷനുകൾ എന്നിവ ആവശ്യമായി വരുന്ന റോഡ് പ്രവൃത്തികളില് നിലവിലുള്ള സ്പെസിഫിക്കേഷൻ പ്രകരം പാക്കഡ് ബിറ്റുമിൻ ആണ് ഉപയോഗിക്കുന്നത്.ഇത്തരം സംഗതികളിൽ കാലി ബാരലിന്റെ വിലയായ 238 രൂപയും അതിൻമേലുള്ള ചരക്കുസേവനനികുതിയും ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 6/22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.

### 1-53 ഓഡിറ്റ് ഇംപാക്റ്റ്- വൈകി പൂർത്തീകരിച്ച പ്രവൃത്തിയിൽ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് പിഴ ഈടാക്കി

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ ഖണ്ഡിക 2112 അനുസരിച്ച് സമയബന്ധതമായി പൂർത്തീകരിക്കാത്ത താഴെ സൂചിപ്പിക്കുന്ന പ്രവൃത്തിയിൽ , 25% ആദ്യ കാലാവധി നീട്ടി നൽകൽ എന്ന നിലയിൽ 1% പിഴ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് കരാഹകരനിൽ നിന്നും 1220101523/18/6/2022 പ്രകാരം 2149 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. ഓഡിറ്റ് നിർദേശമനസരിച്ച് പിഴ ഈടക്കിയത് മാതൃകാപരമായ നടപടിയാണ്.

| | |
|---|---|
| പ്രൊജക്റ്റ് നം | 90/19, 171/20 |
| പ്രവൃത്തി | എ.കെ.ജി. റോഡ് സെക്കന്റ് മെറ്റലിങ് ,ടാറിങ് |
| അടങ്കൽ | 10000/തനതുഫണ്ട്<br>205000/വികസനഫണ്ട് ജനറൽ |
| സാ. അനുമതി | Lsgd/ts/2018-19/35773/17/5/18 |
| കാലാവധി | ആറുമാസം |
| കരാറുകാരൻ | എം.വി. ശിവദാസൻ |
| കരാർ | 6/ae/lsgd/vlgr/18-19/18/6/18 |
| അളവുപുസ്തകം | 33/18-19 |
| ബിൽ നം, തുക | 21/22/8/19, 205000/ |
| പ്രവൃത്തി പൂർത്തീകരക്കേണ്ട തീയ്യതി | 17/3/19 |
| പൂർത്തീകരിച്ച തിയ്യതി | 2/5/19 |
| കരാർ തുക | 214884.75 |
| ഈടാക്കേണ്ട പിഴ, 1% | 2149/ |

### 1-54 തൊഴിലുറപ്പപദ്ധതി-പൊതുവിരങ്ങൾ

സാമ്പത്തികവർഷം 929 പ്രൊജക്ടുകൾ ആവിഷ്കരിച്ചതിൽ 285 പ്രൊജക്ടുകളാണ് പൂർത്തീകരിച്ചത്. 3799 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ 726 കുടുംബങ്ങൾ തൊഴിലെടുത്തു. 208 കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ പ്രവൃത്തി ലഭിച്ചു. പ്രധാനമായും ഭൂവികസനപ്രവൃത്തികൾക്കും ജലസേചനപ്രവൃത്തിത്തികൾക്കുമാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഇവക്കായി യഥാക്രമം 90,52,593 രൂപയും 18,14,697 രൂപയും ചെലവഴിച്ചിട്ടുണ്ട്. സ്ഥിരാസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളൊന്നും തന്നെ തൻവർഷം നടത്തിയിട്ടില്ല. വരും വർഷങ്ങളിൽ ഇത്തരം പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ പ്രത്യേകശ്രദ്ധ പുലർത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

| ഫണ്ട് നല്കിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പ്രോജക്റ്റ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 566400 | ലൈഫ് എസ് സി 2018-19 | 566400 | ഇല്ല |
| | 2019-20 | 500000 | ശാരീരിക ബുദ്ധിമുട്ടുള്ളവർക്ക് വാഹനം | 337497 | 162503 |
| | 2019-20 | 200000 | പാലിയേറ്റീവ് കെയർ | 199739 | 261 |
| | 2019-20 | 350000 | പാലിന് സബ്സിഡി | 350000 | ഇല്ല |
| | 2019-20 | 900000 | നെൽകൃഷി വികസനം | 900000 | ഇല്ല |
| | 2019-20 | 84286 | ശാരീരിക ബുദ്ധിമുട്ടുള്ളവർക്ക് വാഹനം(17-18ലെ പ്രോജക്റ്റ്) | 84286 | ഇല്ല |
| | 2019-20 | 619592 | ബക്കറ്റ് കമ്പോസ്റ്റ് | 619592 | ഇല്ല |
| | 2019-20 | 200000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | ഇല്ല |
| തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 2019-20 | 350000 | അങ്കണവാടി പോഷകാഹാരം2018-19 | 350000 | ഇല്ല |
| | 2019-20 | 11987 | ലൈഫ് ജനറൽ2018-19 | 11987 | ഇല്ല |
| | 2019-20 | 500 | സ്കോളർഷിപ്പ്2018-19 | 500 | ഇല്ല |
| | 2019-20 | 300000 | ശാരീരിക ബുദ്ധിമുട്ടുള്ളവർക്ക് ഉപകരണം2018-19 | 300000 | ഇല്ല |
| | 2019-20 | 18 | പാലിയേറ്റീവ് കെയർ 2018-19 | 18 | ഇല്ല |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|
| പി .ഡബ്ലിയു.ഡി | മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ പ്രവൃത്തിയുടെ പേര് ,പൂർത്തീകരിച്ച വിവരങ്ങൾ എന്നിവ ലഭ്യമല്ല | 479622 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ | ജി.ഒ(എം.എസ്)68/2018/ LSGD/15.5.2018 | 12418141 | 12418141+ തൻവർഷം എടുത്ത വായ്പ 240000 =12658141 | 1073529 | | 11584612 |

## 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 900/-രൂപ ലഭിച്ചതായി കാണുന്നുണ്ടെങ്കിലും ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം - | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-7 സമാഹൃത റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | | 2002-03 | 8.35 | ജനകീയാസൂത്രണത്തിലെ അപാകതകൾ | തുക തിരിച്ചടവാക്കി |
| 2015-16 | | 2016-17 | അനുബന്ധം.5 2.5 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല | ,, |
| 2014-15 | | 2016-17 | 2.2 | | ,, |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 90002866 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 87603694 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1210548 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-40 | 479622 | ശ്രീ ഷാജിക് എം എച്ച്, സെക്രട്ടറി |
| 1-44 | 192046 | ശ്രീമതി രാജമണി ഹെഡ്മിസ്ട്രസ്സ് (റിട്ടയേഡ്) |
| 1-46 | 338880 | ശ്രീമതി പ്രേമലത (അസിസ്റ്റന്റ് സെക്രട്ടറി) |
| 1-47 | 200000 | ശ്രീമതി പ്രേമലത (അസിസ്റ്റന്റ് സെക്രട്ടറി) |
| | 1210548 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഷാജിക് എം എച്ച്, സെക്രട്ടറി | ലഭ്യമല്ല | മനക്കുളങ്ങരപറമ്പിൽ ഹൌസ്, വെള്ളാങ്ങല്ലൂർ |
| ശ്രീമതി രാജമണി ഹെഡ്മിസ്ട്രസ്സ് (റിട്ടയേഡ്) | റിട്ടയർ ചെയ്തു | തായേരി ഹൌസ്,പടിയൂർ |
| ശ്രീമതി പ്രേമലത (അസിസ്റ്റന്റ് സെക്രട്ടറി) | | ലഭ്യമല്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96, 1996-97, 97-98 | എൽ.എഫ്.ടി.9-1555/98 തീയതി 16.4.99/7.7.99 |
| 98-99 | എൽ.എഫ്.ടി.9- 313/00 തീയതി 24.4.00/17.5.00 |
| 99-00 | എൽ.എഫ്.ടി.9-293/01 തീയതി 27.4.01 |
| 2000-01 | എൽ.എഫ്.ടി.9- 1608/01 തീയതി 24.8.02/14.11.12 |
| 2001-02 | എൽ.എഫ്.ടി.9- 2119/05 തീയതി 4.2.06/14.11.06 |
| 2002-03 | എൽ.എഫ്.ടി.21- 2438/07 തീയതി 2.8.08/16.10.08 |
| 2003-04 | എൽ.എഫ്.ടി.2439/07 തീയതി 2.8.08 |
| 2004-05 | എൽ.എഫ്.ടി.21- 2440/07 തീയതി 2.8.08 |
| 2005-06 | എൽ.എഫ്.ടി.21-809/09 തീയതി 16.3.10/15.5.10 |
| 2006-07 | എൽ.എഫ്.ടി.21-809/09 തീയതി 16.3.10 /13.5.10 |
| 2007-08 2010-11 | എൽ.എഫ്.ടി.(ബി.പി) 2267/12 തീയതി 5.2.13/15.6.13 |
| 2011-12 | എൽ.എഫ്.ടി.(ബി.പി) 1584/2013/ തീയതി.9.14/13.3.14 |
| 2012-13 | എൽ.എഫ്.ടി.(ബി.പി) 1023/2014 തീയതി 10.10.14/24.11.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (ബി.പി.2) 1734/15തീയതി 8.12.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി1/1004/16 തീയതി 22.06.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി3/2050/16 തീയതി 30.01.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.പി1/1697/17 തീയതി 27.11.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.പി1/330/19 തീയതി 02.03.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.പി1/1472/19 തീയതി 13.12.2019 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്